പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3287 19.06.2018-ലെ മറുപടിക്ക്

## ബസ് യാത്രക്കാരുടെ സുരക്ഷ വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.മുരളീധരൻ | ശ്രീ. എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | യാത്രക്കാരുടെ സുരക്ഷ വർദ്ധിപ്പിക്കുന്നതിന് കെ. എസ്. ആർ. ടി. സി. യിൽ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണ്; | (എ) | സുരക്ഷ ഉറപ്പാക്കുന്നതിനായി കേന്ദ്രസർക്കാർ അനുശാസിക്കുന്ന ബസ്ബോഡി കോഡ് AIS 052 പ്രകാരം നിർമ്മിച്ചിട്ടുള്ള സുരക്ഷിത ബസ്സുകളാണ് പുതുതായി നിരത്തിലിറക്കുന്നത്. കൂടാതെ ദീർഘദൂര ബസ്സുകളിൽ ഡ്രൈവർ കം കണ്ടക്ടർ വ്യവസ്ഥ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. പ്രസ്തുത സൗകര്യം വിജയകരമാണെന്ന വിലയിരുത്തലിനെ തുടർന്ന് കൂടുതൽ ബസ്സുകളിലേയ്ക്ക് ടി സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | ദീർഘദൂര അന്തർസംസ്ഥാന ബസ്സുകളിൽ കണ്ടക്ടർമാരെ ഒഴിവാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അതിന് പകരം ഏർപ്പെടുത്തുന്ന ക്രമീകരണം എന്താണെന്ന് അറിയിക്കാമോ; | (ബി) | ഓൺലൈൻ സംവിധാനമുള്ള ദീർഘദൂര അന്തർസംസ്ഥാന സർവ്വീസുകളിൽ ഡ്രൈവർ കം കണ്ടക്ടർ സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. |
| (സി) | ദീർഘദൂര ബസ്സുകളിൽ രണ്ട് ഡ്രൈവർമാരെ നിയോഗിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ ? | (സി) | ഡ്രൈവർ കം കണ്ടക്ടർ സംവിധാനം നടപ്പിലാക്കിയ സാഹചര്യത്തിൽ ദീർഘദൂരം ഒരു ഡ്രൈവർ തന്നെ ബസ്സോടിക്കുന്ന അവസ്ഥ ഒഴിവാക്കപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ